# KERALABHOOSHANAM

## National Tourism Awards for Kerala

Date: **20-03-2013** | Edition: **ALL KER** | Page No: **8** | Clip size (cm) - W: **20.5** H: **15**

# കേരളത്തിനു അഞ്ച് നാഷണൽ ടൂറിസം അവാർഡുകൾ

തിരുവനന്തപുരം: ഏറെ അഭിനന്ദനം നേടിയ കേരളത്തിന്റെ ഉത്തരവാദ ടൂറിസത്തിന്റെ കുമരകം മോഡലിനു മികച്ച ഗ്രാമീണ വിനോദസഞ്ചാര പദ്ധതിക്കുള്ള ദേശീയ പുരസ്കാരം. തദ്ദേശ വാസികളെയും ടൂറിസം വ്യവസായത്തെയും കണ്ണി ചേർത്തുകൊണ്ടു നടത്തിയ മികച്ച ടൂറിസം പദ്ധതിക്കാണ് അംഗീകാരം. 2011–12ലെ ദേശീയ ടൂറിസം പുരസ്കാരങ്ങളിൽ മറ്റു നാലു പുരസ്ക്കാരങ്ങൾ കൂടി കേരളം നേടി.




രാഷ്ട്രപതി പ്രണബ്കുമാർ മുഖർജിയിൽ നിന്നും കേരള ടൂറിസം സെക്രട്ടറി സുമൻ ബില്ല മികച്ച റൂറൽ ടൂറിസം പദ്ധതിക്കുള്ള പുരസ്കാരം ഏറ്റുവാങ്ങുന്നു

തിരുവനന്തപുരം ചൊവ്വരയിലെ സോമതീരം ആയുർവേദ റിസോർട്ടിനാണ് ബെസ്റ്റ് വെൽനെസ് സെന്റർ പുരസ്കാരം. മികച്ച അപ്രൂവ്ഡ് ഇൻബൗണ്ട് ടൂർ ഓപ്പറേറ്റർ ആൻഡ് ട്രാവൽ ഏജന്റ് വിഭാഗത്തിൽ 'പയനിയർ പേഴ്സണലൈസ്ഡ് ഹോളിഡേയ്സ് ' പുരസ്കാരത്തിന് അർഹമായി. കുമരകത്തെ താജ് ഹോട്ടൽ മികച്ച ഫോർ സ്റ്റാർ ഹോട്ടലിനുള്ള അവാർഡും കോക്കനട്ട് ക്രീക് ഫാം ആൻഡ് ഹോം സ്റ്റേ മികച്ച താമസത്തിനും പ്രഭാത ഭക്ഷണത്തിനുമുള്ള അവാർഡും കരസ്ഥമാക്കി.

വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി പ്രണബ് കുമാർ മുഖർജിയിൽ നിന്ന് കേരള ടൂറിസം സെക്രട്ടറി സുമൻ ബില്ല മികച്ച റൂറൽ ടൂറിസം പദ്ധതിക്കുള്ള പുരസ്കാരം ഏറ്റുവാങ്ങി.

ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെട്ട കുമരകത്തെ ഉത്തരവാദ ടൂറിസം പദ്ധതി 2008ൽ ആണ് ആരംഭിച്ചത്. പരിസ്ഥിതി സൗഹൃദ ടൂറിസത്തിന്റെ മികച്ച ഉദാഹരണം എന്ന നിലയിൽ കുമരകത്തിനു ലഭിച്ച അവാർഡ് വലിയ അംഗീകാരമാണെന്ന് സംസ്ഥാന ടൂറിസം മന്ത്രി എ പി അനിൽ കുമാർ പറഞ്ഞു. കുമരകത്തെ ജനങ്ങൾക്കുള്ള അവാർഡാണ് ഇത്. കാരണം അവരുടെ പങ്കാളിത്തമാണ് ഈ പദ്ധതിയെ വൻ വിജയമാക്കിയത്. അദ്ദേഹം കൂട്ടിച്ചേർത്തു.

സഞ്ചാരികൾക്ക് പഴവർഗങ്ങളും പച്ചക്കറികളും നൽകുന്നതിനു കുടുംബശ്രീയുമായി കേരള ടൂറിസം കുമരകം പദ്ധതിയിൽ കൈകോർത്തിട്ടുണ്ട്.

നാട്ടുകാർ കൃഷി ചെയ്ത പഴങ്ങളും പച്ചക്കറികളും ടൂറിസം വകുപ്പിന്റെ ഹോട്ടലുകളും റസ്റ്റോറന്റുകളും കുടുംബശ്രീ മുഖേന വാങ്ങുകയും ചെയ്തു.

വലിയ ഒരു ടൂറിസം പദ്ധതി നടപ്പാക്കുമ്പോഴും പ്രകൃതിയെ എങ്ങനെ സംരക്ഷിച്ചു നിർത്താം എന്നുകൂടിയാണ് കുമരകം കാണിച്ചു തരുന്നതെന്ന് ടൂറിസം സെക്രട്ടറി സുമൻ ബില്ല ചൂണ്ടിക്കാട്ടി. ടൂറിസം വിജയിപ്പിക്കാനുള്ള ഏക വഴി പ്രദേശവാസികളുടെ പിന്തുണയാണ്. അവർക്ക് സാമ്പത്തിക നേട്ടവും ഉണ്ടാക്കിക്കൊടുത്ത കുമരകം പദ്ധതി മാലിന്യ സംസ്കരണ കാര്യത്തിലും മികച്ച മാതൃകയാണ് - അദ്ദേഹം പറഞ്ഞു.

ഉത്തരവാദ ടൂറിസം പദ്ധതി കൂടുതൽ വ്യാപിപ്പിക്കാൻ ഈ പുരസ്കാരം പ്രചോദനമാകുമെന്ന് ടൂറിസം ഡയറക്ടർ ശ്രീമതി റാണി ജോർജ്ജ് അഭിപ്രായപ്പെട്ടു.

പ്രകൃതിയെ നമ്മൾ ബഹുമാനിക്കുന്നുവെന്നും അത് നമ്മുടെ ഉത്തരവാദിത്തമാണെന്നും കാണിച്ചു തരുന്ന പദ്ധതിയുടെ വിജയമാണിത്. ടൂറിസം മേഖലയിലെ മികച്ച മാതൃകകൾക്കാണ് നാഷണൽ ടൂറിസം അവാർഡുകൾ നൽകി വരുന്നത്.